**കേരള സർക്കാർ**

**ജലവിഭവ വകുപ്പ് (ചെറുകിട ജലസേചന ഉപവിഭാഗം)**

**(ദർഘാസ് പരസ്യം)**

നമ്പർ.ഡി1-155/15. തീയ്യതി: 11/02/2019

കേരള ഗവർണ്ണർക്കു വേണ്ടി പരപ്പനങ്ങാടി ചെറുകിട ജലസേചന ഉപവിഭാഗം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ ചേർത്തിരിക്കുന്ന പ്രവർത്തികൾക്ക് നിർദ്ദിഷ്ട യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽനിന്നും മുദ്ര വെച്ചതും പ്രവർത്തിയുടെ പേരും നമ്പരും ആലേഖനം ചെയ്തിട്ടുള്ളതുമായ മുദ്രവച്ച കവറുകളിൽ മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ ദർഘാസ് ദിവസം 3 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം 3.30 മണിക്ക് തത്സമയം ഹാജറുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ . അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥരോ ദർഘാസുകൾ തുറക്കുന്നതുമായിരിക്കും . പ്രസ്തുത ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അതിനു തൊട്ടു പിന്നീടുള്ള ദിവസം ടി സമയത്ത് ദർഘാസുകൾ തുറക്കുന്നതാണ്. ദർഘാസുകൾ രജിസ്ടേഡ് തപാൽ, സ്പീഡ് പോസ്റ്റ് എന്നിവ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ. കൊറിയർ സർവീസ് വഴി അയക്കുന്നതോ, നേരിട്ട് നൽകുന്നതോ ആയ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാൽ തകരാറുമൂലമോ മറ്റോ കാലതാമസം വന്നാൽ ഡിപ്പാർട്ടുമെൻറ് യാതൊരു കാരണവശാലും ഉത്തരവാദിത്വവും ഏറ്റെടുക്കുന്നതല്ല. ദർഘാസിന്റെ കാലാവധി അത് സ്വീകരിക്കുന്ന തിയതി മുതൽ നാലുമാസം വരെ ആയിരിക്കും.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | നിരത ദ്രവ്യം | പ്രമാണത്തിന്റെ വില | പ്രവർത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|---|
| 1 | 1/2018-19 | വെള്ളപ്പൊക്കകെടുതികൾ 2018- മലപ്പുറം ജില്ലയിൽ വേങ്ങര പഞ്ചായത്തിലെ കൂരിയാട് എൽ.ഐ സ്കീമിന്റെ സക്ഷൻ പൈപ്പുകളുടെ പരിപാലന പ്രവൃത്തി | 44,939/- | 1,150/- | 300+ജി.എസ്.ടി.(12%) | 1 മാസം |

ദർഘാസ് ഫോറത്തിന്റെവിൽപ്പന : താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസിൽ നിന്നും 18 /02/2019 മുതൽ 19/02/2019 ഉച്ചക്ക് 1 മണി വരെ

കരാറുകാരുടെ വിഭാഗം : " സി "യും അതിനു മുകളിലും :

ദർഘാസ് തീയ്യതി : 22/02/2019

Scanned by CamScanner

ദർഘാസ് സ്വീകരിക്കൽ : ടെണ്ടർ ദിവസം 3 മണി വരെ

ദർഘാസ് തുറക്കൽ : ടെണ്ടർ ദിവസം 3.30 മണി വരെ

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും നിശ്ചിത സമയത്തിനു മുമ്പായി ദർഘാസ് ഫോറത്തിന്റെ വിലയും നികുതിയും റൊക്കം പണമായി അടച്ച് രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിനുവേണ്ടി അടക്കുന്ന തുക യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല. ദർഘാസ് പ്രമാണത്തിന്റെ ഏകദേശ വിലയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അപേക്ഷ സമർപ്പിക്കുമ്പോൾ യഥാർത്ഥ വില എത്രയെന്ന് ഓഫീസിൽ അന്വേഷിക്കേണ്ടതും ആയതും ചരക്ക് സേവന നികുതിയും ദർഘാസ് പ്രമാണത്തിനായി ഒടുക്കേണ്ടതുമാണ്. ദർഘാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കരാറുകാരും ഐ.എസ്.ഐ. രജിസ്ട്രേഷൻ ഉള്ള പ്രവർത്തന പരിചയം ഉള്ളവരും (ലേബർ കോൺട്രാക്ട് സൊസൈറ്റി ഉൾപ്പെടെ) അവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ അവർ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ ആകെ അടങ്കൽ തുകയുടെ സർട്ടിഫിക്കറ്റ് അതാത് രജിസ്ട്രാറിൽ നിന്നും വാങ്ങി ദർഘാസ് ഫോറത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ദർഘാസ് പ്രമാണങ്ങൾ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും ഇവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. ദർഘാസ് ദിവസം നിശ്ചിത സമയം വരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. നിരതദ്രവ്യം പണമായി സ്വീകരിക്കുന്നതല്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അധികാരപ്പെടുത്തിയതും ആവശ്യമായ സ്റ്റാമ്പ് പതിച്ചതുമായ നിരതദ്രവ്യം ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസിനൊപ്പം 210 (ഇരുന്നൂറ്റി പത്ത്) രൂപയുടെ മുദ്ര പത്രത്തിൽ ശരിയായ വിധത്തിലുള്ള പ്രാഥമിക ഉടമ്പടി, ടി.ആർ.5 രശീതിയോ അതിന്റെ പകർപ്പോ എന്നിവ വയ്ക്കാത്ത ദർഘാസുകളും കവറിന്റെ പുറത്ത് പ്രവൃത്തിയുടെ പേരും ദർഘാസ് നമ്പറും എഴുതാത്ത ദർഘാസുകളും നിരസിക്കുന്നതാണ്. സർക്കാർ ഉത്തരവ് നമ്പർ (സാധ) 582/2012/ഡബ്ല്യൂ. ആർ.ഡി./തിരുവനന്തപുരം/ തിയ്യതി 16-05-2012 ൽ നിർദ്ദേശിച്ച പ്രകാരം കോർ ബാങ്കിങ് സംവിധാനമുള്ള ബാങ്കിലെ കരാറുകാരന്റെ അക്കൗണ്ട് നമ്പറും ഐ.എഫ്.എസ്. കോഡും ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസുകൾ സംബന്ധിച്ച ജലവിഭവ വകുപ്പിൽ നിലവിലുള്ള എല്ലാ ചട്ടങ്ങളും നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ അന്വേഷിക്കാവുന്നതാണ്.

(കെ.വി.ഉണ്ണികൃഷ്ണൻ)
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ബഹു. കേരള ഗവർണർക്കു വേണ്ടി

ചെറുകിട ജലസേചന ഉപവിഭാഗം
അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയം, പരപ്പനങ്ങാടി
11/02/2019.

Scanned by CamScanner